ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരണം

# ആത്മപ്രബോധിനി

2018 ജനുവരി – മാർച്ച്

VOL - 6 ISSUE - 22 FOR PRIVATE CIRCULATION ONLY THIRUVALLA

# സൺഡേസ്കൂൾ നാഷണൽ ക്യാംപ് 2018
## ഒരുക്കങ്ങൾ പൂർത്തിയായി

### ക്യാംപ് ഏപ്രിൽ 17 മുതൽ 19 വരെ തിരുവനന്തപുരത്ത്

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ അധ്യാപകർക്കും വിദ്യാർഥികൾക്കും സംയുക്തമായി സംഘടിപ്പിക്കുന്ന 5-ാമത് നാഷണൽ ക്യാംപിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. ഏപ്രിൽ 17 ചൊവ്വ മുതൽ 19 വ്യാഴം വരെ തിരുവനന്തപുരം നെയ്യാർഡാം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് സെന്ററിൽ വെച്ചാണ് ഇപ്രാവശ്യത്തെ ക്യാംപ് നടക്കുന്നത്. 'കാൽചുവടുകൾ' (1 പത്രൊസ് 2: 21) എന്നതാണ് ചിന്താവിഷയം. വിവിധ സെഷനുകളിലായി റവ. ജോൺ തോമസ്, റവ. റ്റി.ജി. കോശി, ഡോ. റ്റി. പി. ഏബ്രഹാം, പാസ്റ്റർമാരായ പി.എം. ജോൺ, ഏബ്രഹാം ജോസഫ്, ഫിന്നി ജേക്കബ്, ഡോ. കെ.ബി. ജോർജുകുട്ടി, റ്റി. വൈ. ജെയിംസ്, പ്രൊഫ. സാം സ്കറിയ, ഇവാ. സുജിത്ത് എം. സുനിൽ, സുനിൽ ഡി. കുരുവിള, സുവി. ബാബു തോമസ്, ബൻസിക് മിറന്റാ തുടങ്ങിയവർ ക്ലാസുകൾക്കു നേതൃത്വം നൽകും. ഇവാ. ബെൻസൻ വർഗീസ് സിങ്ങ് & പ്രെയ്സ് സെഷൻ നയിക്കും. ജൂണിയർ ക്യാംപിന് എക്സൽ മിനിസ്ട്രീസ് നേതൃത്വം നൽകും.


ഡോ. കെ.ബി. ജോർജുകുട്ടി


പ്രൊഫ. സാം സ്കറിയ


ഇവാ. സുജിത്ത് എം. സുനിൽ


സുനിൽ ഡി. കുരുവിള


സുവി. ബാബു തോമസ്

17-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 മുതൽ രജിസ്ട്രേഷന്റെ തുടർക്രമീകരണങ്ങൾ ആരംഭിക്കും. മുൻകൂർ രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമാണ് ഇപ്രാവശ്യം പ്രവേശനം. 10 മണിക്കാണ് ഉദ്ഘാടനയോഗം ആരംഭിക്കുന്നത്. 19-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 1 മണിയോടെ ക്യാംപ് സമാപിക്കും. തീം പ്രസന്റേഷൻ, ഗാനപരിശീലനം, സെമിനാറുകൾ, മിഷൻ ചലഞ്ച്, ബൈബിൾ സ്റ്റഡി, ഗെയിമുകൾ തുടങ്ങിയുള്ള പൊതു പ്രോഗ്രാമുകൾ കൂടാതെ, സൺഡേസ്കൂൾ അധ്യാപകർക്കായി ടീച്ചിങ്ങ് ടെക്നിക്കുകൾ, കുട്ടികളുടെ മനശാസ്ത്രം, അധ്യാപക - വിദ്യാർഥി ബന്ധം മെച്ചപ്പെടുത്തൽ, ടീച്ചിങ്ങ് സ്കിൽ തുടങ്ങിയവയെക്കുറിച്ച് പ്രത്യേക സെമിനാറുകളും നടക്കും. ഇതേസമയം ടീനേജ് വിദ്യാർഥികൾക്കായി കരിയർ ഗൈഡൻസ്, പേഴ്സനാലിറ്റി ഡെവലപ്മെന്റ്, ലൈഫ് സ്കിൽസ്, ഗോൾ സെറ്റിങ്ങ്, സമൂഹമാധ്യമങ്ങളെ ആരോഗ്യകരമായി നേരിടുന്നതിനുള്ള പ്രായോഗിക ജ്ഞാനം, ആരോഗ്യകരമായ സുഹൃത്ത് ബന്ധം നിലനിർത്തൽ തുടങ്ങിയവയെക്കുറിച്ച് പ്രത്യേക ക്ലാസുകൾ നടക്കും. 13 വയസിനു താഴെയുള്ള കുട്ടികൾക്കായി പ്രത്യേക ക്യാംപാണ് ക്രമീകരിച്ചിരിക്കുന്നത്.

കഴിഞ്ഞ വർഷങ്ങളിൽ നിന്നു വ്യത്യസ്തമായി ഇപ്രാവശ്യം ക്യാംപിന് മുൻകൂർ രജിസ്ട്രേഷനാണ്. പങ്കെടുക്കുന്നവർക്കുള്ള അപേക്ഷാഫോമുകൾ സഭകളിൽ എത്തിച്ചിട്ടുണ്ട്. താല്പര്യമുള്ളവർ ഫോം പൂർണ്ണമായി പൂരിപ്പിച്ച് 100 രൂപാ അഡ്വാൻസ് സഹിതം അതാത് ലോക്കൽ സഭകൾ ഉൾപ്പെടുന്ന സെക്ഷൻ സൺഡേസ്കൂൾ ഭാരവാഹികളെ ഏപ്രിൽ 5 നു മുൻപ് ഏൽപ്പിക്കണം.

ബാക്കി വരുന്ന തുക ക്യാംപ് സെന്ററിൽ എത്തുമ്പോൾ രജിസ്ട്രേഷൻ കൗണ്ടറിൽ നൽകേണ്ടതാണ്. 250 രൂപയാണ് ക്യാംപ് ഫീസ്. 12 വയസുവരെയുള്ളവർക്ക് 200 രൂപയും. 400 പേർക്കാണ് ഇപ്രാവശ്യം പ്രവേശനം.

## ക്യാംപിലേക്ക് സ്വാഗതം



ശാരോൻ സൺഡേസ്കൂളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സംയുക്തമായി സംഘടിപ്പിക്കുന്ന നാഷണൽ ക്യാമ്പിലേക്ക് നിങ്ങളെ ഓരോരുത്തരേയും സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. വ്യക്തമായ ദർശനത്തോടും ആത്മഭാരത്തോടും ക്രമീകരിക്കുന്ന ഈ ക്യാമ്പ് പങ്കെടുക്കുന്നവർക്ക് വ്യത്യസ്ത അനുഭവങ്ങൾ പകർന്നു നൽകും എന്നു ഞങ്ങൾക്കുറപ്പുണ്ട്. ഓരോ മേഖലയിലും നന്നായി പ്രശോഭിക്കുന്നവരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത്. മികച്ച പരിശീലനം, ആഴവും പ്രായോഗികവുമായ പഠനക്ലാസുകൾ, ആത്മഭാരത്തിലേക്കു നയിക്കുന്ന മിഷൻ ചലഞ്ച്... ഇവയൊക്കെ നിങ്ങളെ രൂപാന്തരപ്പെടുത്തും എന്നു ഞങ്ങൾ ഉറപ്പു തരുന്നു. അധ്യാപകർക്കും പാസ്റ്റേഴ്സിനും വിദ്യാർത്ഥികൾക്കും ഹൃദ്യമായ സ്വാഗതം!

**പാസ്റ്റർ ഏബ്രഹാം മന്ദമരുതി** (ഡയറക്ടർ)

**ബ്രദർ റോഷി തോമസ്** (ജനറൽ സെക്രട്ടറി)

**പാസ്റ്റർ ബിജു ജോസഫ്** (ക്യാമ്പ് കോർഡിനേറ്റർ)

## സൺഡേസ്കൂൾ വാർഷിക പരീക്ഷ മെയ് 27 നും ജൂൺ 9 നും

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ 2017-18 വർഷത്തെ വാർഷിക സെക്ഷൻ പരീക്ഷ 2018 മെയ് 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ ലോക്കൽ സഭകളിൽ വെച്ചും ഫൈനൽ പരീക്ഷ ജൂൺ 9 ശനി രാവിലെ 10.30 മുതൽ 12.30 വരെ തെരഞ്ഞെടുത്ത സെന്ററുകളിൽ വെച്ചും നടക്കും.

ഈ വർഷം ഉത്തരമെഴുതാനുള്ള ബുക്ക്ലെറ്റിനോടൊപ്പം ചോദ്യപേപ്പർ പ്രത്യേകമായി നൽകുന്നതാണ്. പ്രീ - സ്കൂൾ ഉൾപ്പെടെ എല്ലാ ക്ലാസിലേയും ചോദ്യപേപ്പർ കേന്ദ്ര കമ്മറ്റി നൽകുന്നതായിരിക്കും. ചോദ്യങ്ങളുടെ രീതിക്കും കാലോചിതമായ വ്യത്യാസങ്ങൾ ഈ വർഷം മുതൽ വരുത്തിയിട്ടുണ്ട്.

**ഈ മാസികയുടെ 3-ാം പേജിൽ മാതൃകാ ചോദ്യപേപ്പർ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.** ഓരോ ക്ലാസിലേയും പാഠപുസ്തകങ്ങളിലെ എല്ലാ പാഠങ്ങളും ഈ വർഷം പഠിപ്പിക്കേണ്ടതാണ്.

## ആറാമത് മെഗാ ബൈബിൾ ക്വിസ് ഒക്ടോബർ 21 ഞായറാഴ്ച

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്കും വിദ്യാർഥികൾക്കുമായുള്ള ആറാമത് മെഗാ ബൈബിൾ ക്വിസ് ഒക്ടോബർ 21 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ 4.30 വരെ ഓരോ സെക്ഷനുകളിലെയും തെരഞ്ഞെടുക്കപ്പെടുന്ന സെന്ററുകളിൽ വെച്ചു നടക്കും. മുൻ വർഷങ്ങളിലെപ്പോലെ നാലു ഗ്രൂപ്പുകളായി തിരിച്ചായിരിക്കും മത്സരങ്ങൾ നടക്കുന്നത്.

സൺഡേസ്കൂളിൽ 5 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്നവർ എ ഗ്രൂപ്പും 8 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്നവർ ബി ഗ്രൂപ്പും 11,12 ക്ലാസുകളിൽ പഠിക്കുന്നവർ സി ഗ്രൂപ്പും അധ്യാപകർ ഡി ഗ്രൂപ്പുമായിരിക്കും. ഓരോ ഗ്രൂപ്പിനും തെരഞ്ഞെടുത്ത പുസ്തകങ്ങളിൽ നിന്നായിരിക്കും ചോദ്യങ്ങൾ. അധ്യാപകരായ പാസ്റ്റേഴ്സ് പങ്കെടുക്കാൻ പാടില്ല.

ഓരോ ഗ്രൂപ്പിനും പഠിക്കുവാനുള്ള പുസ്തകങ്ങൾ ചുവടെ ചേർക്കുന്നു.

**ഗ്രൂപ്പ് എ :** സദൃശവാക്യങ്ങൾ, മർക്കോസിന്റെ സുവിശേഷം

**ഗ്രൂപ്പ് ബി :** സംഖ്യപുസ്തകം, ലൂക്കൊസിന്റെ സുവിശേഷം

**ഗ്രൂപ്പ് സി :** ആവർത്തനപുസ്തകം, 1 കൊരിന്ത്യർ

**ഗ്രൂപ്പ് ഡി :** യെശയ്യാവ്, അപ്പൊസ്തലപ്രവൃത്തികൾ

**പ്രത്യേക ശ്രദ്ധയ്ക്ക്;** മെഗാ ബൈബിൾ ക്വിസ് സൺഡേസ്കൂളിലെ അടുത്ത അധ്യായന വർഷത്തിലാണ് നടക്കുന്നത് എന്നതിനാൽ 2018 ജൂൺ മുതൽ വിദ്യാർഥികൾ പഠിക്കുന്ന ക്ലാസുകൾക്കനുസരിച്ചാണ് ഗ്രൂപ്പു നിർണ്ണയിക്കേണ്ടത്. വിശദവിവരങ്ങളും രജിസ്ട്രേഷൻ ഫോമുകളും പിന്നാലെ സഭകൾക്ക് അയക്കുന്നതാണ്.

ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ
(SFCSSA)

**എക്സിക്യുട്ടീവ് കമ്മറ്റി**

രക്ഷാധികാരികൾ
**റവ. ജോൺ തോമസ്**
**പാസ്റ്റർ ഏബ്രഹാം ജോസഫ്**
**പാസ്റ്റർ ഫിന്നി ജേക്കബ്**

ഡയറക്ടർ
**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**
9447861098

അസോ. ഡയറക്ടർ
**പാസ്റ്റർ പി.എ. ചാക്കോച്ചൻ**
94476 54228

ജനറൽ സെക്രട്ടറി
**റോഷി തോമസ്**
98476 65044

അസോ. സെക്രട്ടറി
**കെ.ഇ. ജോർജുകുട്ടി**
94479 07543

ട്രഷറാർ
**കോശി മാത്യു**
99471 74700

എക്സാം കൺട്രോളർ
**കെ. തങ്കച്ചൻ**
94479 85313

ജനറൽ കോർഡിനേറ്റർ
**പാസ്റ്റർ ബിജു ജോസഫ്**
99956 95573

അംഗങ്ങൾ
**പാസ്റ്റർ ബ്ലസ്സൻ ജോർജ്**
94469 83834
**പാസ്റ്റർ പി.മത്തായി**
98477 57245
**പാസ്റ്റർ സജു മാവേലിക്കര**
94472 93000
**പാസ്റ്റർ സനു ജോസഫ്**
087805 42184
**റ്റി. തങ്കച്ചൻ**
94472 47644
**അജിത്ത് ജോർജ്**
94478 18793
**പ്രിൻസ് സാമുവേൽ ജോസഫ്**
98091 82333
**ഷിജു ജോർജ്**
94473 78488

ആത്മപ്രബോധിനി

**എഡിറ്റോറിയൽ ബോർഡ്**
പാസ്റ്റർ ഏബ്രഹാം മന്ദമരുതി
പാസ്റ്റർ പി.എ. ചാക്കോച്ചൻ
റോഷി തോമസ്
പാസ്റ്റർ സാംസൺ പി. തോമസ്
പാസ്റ്റർ ബ്ലസ്സൻ ജോർജ്



പാസ്റ്റർ ഏബ്രഹാം മന്ദമരുതി

ഡയറക്ടറുടെ സന്ദേശം

# സമാനതകളില്ലാത്ത നാഷണൽ ക്യാംപ്

**കേ**രളത്തിലെ അറിയപ്പെടുന്ന ഒരു ബൈബിൾ സെമിനാരിയിൽ വെച്ചാണ് കഴിഞ്ഞ ദിവസം സുജിത്ത് (പേര് സാങ്കൽപ്പികം) എന്ന യുവാവിനെ ഞാൻ പരിചയപ്പെടുന്നത്. എനിക്കു നേരിട്ടറിയില്ലെങ്കിലും സ്വയം പരിചയപ്പെടുത്തുവാനായി അദ്ദേഹം എന്റെ അരികിലേക്കു വന്നു. 2014 ൽ അടൂരിൽ നടന്ന സൺഡേസ്കൂൾ നാഷണൽ ക്യാംപിൽ വെച്ചാണ് അയാൾ എന്നെ ആദ്യമായി കാണുന്നത്. അന്ന് ആ ക്യാംപിൽ പങ്കെടുക്കുമ്പോൾ പ്ലസ്ടു വിദ്യാർഥിയായിരുന്നു സുജിത്ത്. പഠനത്തിൽ അതിസമർഥനായിരുന്നെങ്കിലും തെറ്റായ കൂട്ടുകെട്ടിലകപ്പെട്ട് വഴിവിട്ട ജീവിതം നയിച്ചതിന്റെ കുറ്റബോധവും നിരാശയും അവനെ ഭരിച്ചിരുന്നു. ജീവിതത്തോടു തന്നെ ഒരുതരം മടുപ്പു തോന്നിയ സമയത്താണ് സഭാ ശുശ്രൂഷകന്റെ നിർബന്ധത്തിനു വഴങ്ങി ക്യാംപിൽ പങ്കെടുക്കുന്നത്. കൂട്ടുകാർക്കൊപ്പം 'അടിച്ചുപൊളി'ക്കാമെന്ന ഉദ്ദേശ്യത്തിലാണ് ക്യാംപിൽ എത്തിയതെങ്കിലും ചില സെഷനുകളിലെ ക്ലാസുകൾ അവന്റെ കാഴ്ചപ്പാടിനെ മാറ്റിമറിച്ചു. അനുതാപമനസോടെ ദൈവസന്നിധിയിൽ സമർപ്പിച്ച ഈ ചെറുപ്പക്കാരൻ പുതിയ സൃഷ്ടിയാകുകയും സുവിശേഷവേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ വ്യക്തിപര കൗൺസിലിങ്ങിനായി അവനൊപ്പം കുറെ സമയം ഞാനും ചിലവഴിച്ചിരുന്നു. എൻജിനീയർ എന്ന മോഹവുമായി നടന്ന സുജിത്ത് ഈ ക്യാംപിനെ തുടർന്നാണ് ബൈബിൾ സെമിനാരിയിൽ പഠനത്തിനായി ചേർന്നത്.

ഇത് സുജിത്തിന്റെ മാത്രം അനുഭവമല്ല, ഇദ്ദേഹത്തെപ്പോലെയുള്ള അനവധി ചെറുപ്പക്കാർക്ക് സൺഡേസ്കൂൾ ക്യാംപിനെക്കുറിച്ചു സാക്ഷ്യം പറയാൻ ഏറെയുണ്ട്. കാരണം, കഴിഞ്ഞ നാലു വർഷമായി മധ്യവേനലവധിക്കു ക്രമീകരിച്ച ക്യാംപിലൂടെ രക്ഷാനിർണ്ണയം പ്രാപിച്ചും ആത്മാഭിഷേകം സ്വീകരിച്ചും ജീവിത രൂപാന്തരത്തിലേക്ക് നയിക്കപ്പെട്ടവർ നിരവധിയാണ്.

2001 മുതൽ സൺഡേസ്കൂൾ അസോസിയേഷന്റെ ചുമതലയിൽ അധ്യാപകർക്കായി എല്ലാ വർഷവും നാഷണൽ ക്യാംപ് സംഘടിപ്പിച്ചു വന്നിരുന്നു. ആ കൂട്ടത്തിൽ വിദ്യാർഥികളെ കൂടി ഉൾപ്പെടുത്തണമെന്നു താൽപര്യം ഉണ്ടായിരുന്നെങ്കിലും പരിമിതികൾ ഏറെയായിരുന്നു. 2014 ലാണ് ആദ്യമായി അസോസിയേഷന്റെ ചുമതലയിൽ അധ്യാപക വിദ്യാർഥി സംയുക്ത ക്യാംപ് നടക്കുന്നത്. അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിലായിരുന്നു പ്രഥമ ക്യാംപ് നടന്നത്. വളരെ ആവേശത്തോടെയാണ് അധ്യാപകരും വിദ്യാർഥികളും ഈ ചുവടുവെയ്പിനെ സ്വീകരിച്ചതെന്ന് ആ ക്യാംപിലെ പങ്കാളിത്തം വ്യക്തമാക്കി. 2017 വരെ അടൂരിൽ തന്നെ വാർഷിക ക്യാംപ് തുടർന്നു.

ഈ വർഷം മറ്റൊരു സ്ഥലത്ത് ക്യാംപ് സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ജനറൽകമ്മറ്റി ആലോചിച്ചു. ഇതര ക്യാംപുകളെ അപേക്ഷിച്ച് മൂന്നു വേദികൾ ഒരേ സമയം സൺഡേസ്കൂൾ ക്യാംപിന് ആവശ്യമായതിനാൽ പല ക്യാംപുസെന്ററുകളും പര്യാപ്തമായിരുന്നില്ല. അങ്ങനെയാണ് ഇപ്രാവശ്യം നെയ്യാർ ഡാമിലെ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ് സെന്റർ ക്യാംപിനായി തെരഞ്ഞെടുക്കുന്നത്. പ്രകൃതി രമണീയവും നയനമനോഹരവുമായ നെയ്യാർ ഡാമിനു സമീപമുള്ള ഈ ക്യാംപ് സെന്റർ എന്തുകൊണ്ടും ഏറെ പ്രത്യേകതയുള്ളതാണ്. ഡാമിന്റെ സമീപമാകയാൽ അധികം ചൂട് ഇവിടെ അനുഭവപ്പെടുന്നില്ല. വൃത്തിയിലും വെടുപ്പിലും ഇതര ക്യാംപുസെന്ററുകളെ അപേക്ഷിച്ച് ഇവിടം ഏറെ മുന്നിലാണ്. താരതമ്യേന ഉയർന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന ഈ സെന്ററിൽ നിന്നുള്ള ബാഹ്യകാഴ്ചകൾ തന്നെ ഏറെ മനോഹരമാണ്.

വ്യക്തമായ ലക്ഷ്യത്തോടെയാണ് സൺഡേസ്കൂൾ അസോസിയേഷൻ വാർഷിക ക്യാംപ് സംഘടിപ്പിക്കുന്നത്. ആ ലക്ഷ്യത്തെ ഫലകരമാക്കാൻ സഹായിക്കുന്ന സെഷനുകൾ അധ്യാപകർക്കും വിദ്യാർഥികൾക്കുമായി ക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുമുണ്ട്. ക്രിസ്തുവിന്റെ മാതൃക പിൻതുടരുക എന്ന അർത്ഥമുള്ള 'കാൽചുവടുകൾ' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. അന്ധമായ അനുകരണത്തിന്റെ അതിപ്രസരം നമ്മുടെ വിദ്യാർത്ഥികളെ സ്വാധീനിക്കാൻ സാധ്യതയുള്ള ഇന്നത്തെ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ അനുകാരികളാകാൻ അവരെ സജ്ജരാക്കുകയാണ് ഈ വർഷത്തെ ക്യാംപിന്റെ പ്രധാന ലക്ഷ്യം.

ഭീമമായ തുകയാണ് ക്യാംപിന് ആവശ്യമായിരിക്കുന്നത്. പങ്കെടുക്കുന്ന ഒരാൾക്ക് 1000 രൂപയാണ് ഭക്ഷണത്തിനും താമസത്തിനും മാത്രം ചെലവാകുന്നത്. മറ്റു ചെലവുകൾ (ഓഡിറ്റോറിയം, പ്രസംഗകർ ) വേറെയും. 250 രൂപ മാത്രമാണ് ഇതിനായി നമ്മൾ ഫീസ് ഇനത്തിൽ വാങ്ങുന്നത്. ബാക്കി വരുന്ന തുക സംഭാവനകളിലൂടെ നമ്മൾ കണ്ടെത്തണം. കഴിഞ്ഞ വർഷങ്ങളിൽ സഭകളുടെ സാമ്പത്തിക സഹകരണം കുറവായിരുന്നതിനാൽ നല്ലൊരു തുക കടബാധ്യതയായി ശേഷിച്ചിരുന്നു. എന്നാൽ ഇപ്രാവശ്യം അതുണ്ടാകാതിരിക്കാൻ പ്രാർഥിക്കുകയും സഹകരിക്കുകയും ചെയ്യുമല്ലോ.

സമാനതകളില്ലാത്ത സൺഡേസ്കൂൾ നാഷണൽ ക്യാംപിലേക്ക് നിങ്ങളെ ഏവരേയും കേന്ദ്രകമ്മറ്റി ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു. ആത്മസന്തോഷത്തിന്റെയും അനുഗ്രഹത്തിന്റെയും മൂന്നുദിനങ്ങൾ നിങ്ങൾക്കായി ഒരുക്കപ്പെടുന്നു. ഈ അസുലഭ സന്ദർഭം പ്രയോജനപ്പെടുത്താൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.

## പ്രാർത്ഥനാ ദിനം 2018 ഏപ്രിൽ 15 ഞായർ

ഏപ്രിൽ 17 മുതൽ 19 വരെ തിരുവനന്തപുരത്ത് വെച്ച് നടക്കുന്ന സൺഡേസ്കൂൾ നാഷണൽ ക്യാമ്പിന്റെ അനുഗ്രഹത്തിനായി ഏപ്രിൽ 15 ഞായറാഴ്ച നടക്കുന്ന സഭായോഗത്തിൽ ഒരു നിശ്ചിത സമയം വേർതിരിച്ച് പ്രാർത്ഥിക്കാൻ അപേക്ഷിക്കുന്നു.

## നവംബർ 4 ഞായർ സൺഡേസ്കൂൾ ദിനം

ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ എല്ലാ വർഷവും അഖിലലോക സൺഡേസ്കൂൾ ദിനമായ നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ച സൺഡേസ്കൂൾ ദിനമായി വേർതിരിക്കുന്നു. ഈ വർഷം നവംബർ 4 നാണ് സൺഡേസ്കൂൾദിനം.

അധ്യാപകരുടെയും വിദ്യാർഥികളുടെയും പ്രത്യേക പ്രോഗ്രാമുകൾ, റാലി തുടങ്ങിയവ ഇതിനോടനുബന്ധിച്ച് നടക്കും. കൂടാതെ സൺഡേസ്കൂൾ അസോസിയേഷൻ നിർദ്ദേശിക്കുന്ന പ്രത്യേക വിഷയങ്ങൾക്കായി സഭായോഗ മദ്ധ്യത്തിൽ എല്ലാ ലോക്കൽ സഭകളിലും പ്രത്യേക പ്രാർഥനയും ഉണ്ട്. അന്നേ ദിവസം സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കായി സഭായോഗമദ്ധ്യത്തിൽ ഒരു സ്തോത്ര കാഴ്ച എടുത്ത് കേന്ദ്രകമ്മറ്റിയിലേക്കു നൽകുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു.

# സൺഡേസ്കൂൾ മാതൃകാ ചോദ്യപേപ്പർ

2018 മെയ്, ജൂൺ മാസങ്ങളിൽ നടക്കുന്ന വാർഷിക പരീക്ഷയുടെ മാതൃക ചോദ്യപേപ്പറാണ് ഇവിടെ നൽകിയിരിക്കുന്നത്. 3 മുതൽ 12 വരെ ക്ലാസ്സുകളിലാണ് വ്യത്യാസം വരുത്തിയിരിക്കുന്നത്. താഴെകൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ വലതുഭാഗത്ത് നൽകിയിരിക്കുന്ന മാർക്കിൽ ആദ്യത്തേത് ചോദ്യങ്ങളുടെ എണ്ണവും രണ്ടാമത്തേത് അതിനു ലഭിക്കുന്ന മാർക്കും മൂന്നാമത്തേത് ആ വിഭാഗത്തിനു ലഭിക്കുന്ന ആകെ മാർക്കും ആണ്. (ഉദാ. *6x2=12*)

## പ്രീ– സ്കൂൾ ക്ലാസിലെ ചോദ്യപേപ്പറിന്റെ മാതൃക

*I. ഉത്തരം പറയുക* (10x2=20)

ഉദാ. പീലി വിടർത്തി നിൽക്കുന്ന പക്ഷി ഏത്?

*II. ഈ വർഷം സൺഡേസ്കൂളിൽ പഠിച്ച ഒരു പാട്ട് പാടുക* (1x10=10)

*III. ഏതെങ്കിലും 3 വാക്യങ്ങൾ കാണാതെ പറയുക (റഫറൻസ് ആവശ്യമില്ല)* (3x5=15)

*IV. ഈ വർഷം സൺഡേസ്കൂളിൽ പഠിച്ച ഒരു കഥ പറയുക* (1x5=5)

## 1,2 ക്ലാസുകളിലെ ചോദ്യപേപ്പറിന്റെ മാതൃക

*I. ഉത്തരം പറയുക* (15x1=15)

ഉദാ. ജ്യേഷ്ഠാവകാശം വിറ്റ വ്യക്തി?

*II. ഉത്തരം ചുരുക്കി പറയുക* (5x3=15)

ഉദാ. നല്ല ശമര്യാക്കാരന്റെ കഥ.

*III. ഈ വർഷം സൺഡേസ്കൂളിൽ പഠിച്ച 5 വാക്യങ്ങൾ പറയുക (റഫറൻസ് സഹിതം)* (5x2=10)

*IV. ഈ വർഷം സൺഡേസ്കൂളിൽ പഠിച്ച ഒരു കഥ പറയുക* (1x10=10)

## 3,4 ക്ലാസുകളിലെ ചോദ്യപേപ്പറിന്റെ മാതൃക

*I. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക* (5x1=5)

ഉദാ. യിസഹാക്ക് എന്ന വാക്കിന്റെ അർത്ഥം (സന്തോഷം, ചിരി, ആനന്ദം)

*II. ഒറ്റവാക്കിൽ / വാചകത്തിൽ ഉത്തരമെഴുതുക.* (5x1=5)

ഉദാ. യാക്കോബിന്റെ ഇഷ്ടപുത്രൻ?

*III. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും ശരിയായവ എടുത്തെഴുതി ചേരുംപടി ചേർക്കുക* (5x1=5)

ഉദാ. (കാഹളം, പ്രാവ്, ആഖാൻ, ഗിദെയോൻ, ലപ്പീദോത്ത്)

ദെബോരാ –

യെരിഹോ –

യോനാ –

ശപഥാർപ്പിതം –

പരാക്രമശാലി –

*IV. ശരിയോ ☑ തെറ്റോ ☒ എന്ന് അടയാളപ്പെടുത്തുക* (5x1=5)

ഉദാ. യഹോവ കയീന്റെ യാഗത്തിൽ പ്രസാദിച്ചില്ല. ☐

*V. താഴെ കൊടുത്തിരിക്കുന്ന ചിത്രം നോക്കി സന്ദർഭം ഒരു ലഘുവിവരണമാക്കുക.* (1x5=5)

ഉദാ. ക്ലാസ് 4, പേജ് 71 ലെ ചിത്രം

*VI. മനപാഠം എഴുതുക (8 എണ്ണത്തിൽ 5 എണ്ണം)* (5x2=10)

ഉദാ. 1 പത്രോസ് 5:5 ദൈവം നിഗളികളോട് ..................................................

*VII. താഴെകൊടുത്തിരിക്കുന്ന സംഭവങ്ങളെ അവ നടന്ന ക്രമത്തിലാക്കുക.* (1x5=5)

ഉദാ. a. യോസേഫ് മിസ്രയീമിന്റെ അധികാരിയായി

b. യോസേഫിന് നിലയങ്കി ലഭിച്ചു

c. യോസേഫ് 110 വയസ്സുള്ളപ്പോൾ മരിച്ചു

d. യോസേഫ് കാരാഗൃഹത്തിൽ

e. യോസേഫ് പൊട്ടക്കിണറ്റിൽ വീണു

f. ഫറവോൻ 2 സ്വപ്നങ്ങൾ കണ്ടു

*VIII. രണ്ടോ, മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക (7 എണ്ണത്തിൽ 5 എണ്ണം)* (5x2=10)

ഉദാ: സ്തേഫാനോസിന്റെ മേൽ ചുമത്തപ്പെട്ട കുറ്റാരോപണങ്ങൾ ഏവ?

## 5, 6, 7 ക്ലാസ്സുകളിലെ ചോദ്യപേപ്പറിന്റെ മാതൃക

*I. ഒറ്റവാക്കിൽ/വാചകത്തിൽ ഉത്തരമെഴുതുക* (5x1=5)

ഉദാ: കരയുന്ന പ്രവാചകൻ എന്നറിയപ്പെട്ടതാരെ?

*II. ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും ശരിയായവ എടുത്തെഴുതി ചേരുംപടി ചേർക്കുക* (5x1=5)

ഉദാഃ (രക്ഷ, കെമേശ്, ആമോസ്, ശൂനേം, പ്രാവ്)

യെശയ്യാവ് –

എലീശ –

ഹോശേയ –

യോനാ –

മോവാബ് –

*III. ശരിയോ ☑ തെറ്റോ ☒ എന്ന് അടയാളപ്പെടുത്തുക* (5x1=5)

ഉദാ: നിലവിളക്ക് വിശുദ്ധസ്ഥലത്തെ ഉപകരണമായിരുന്നു ☐

*IV. മനപാഠം എഴുതുക* (5x2=10)

ഉദാഃ എഫെസ്യർ 6:10 ഒടുവിൽ ..................................................

*V. താഴെക്കൊടുത്തിരിക്കുന്ന സംഭവങ്ങളെ അവ നടന്ന ക്രമത്തിലാക്കുക* (1x5=5)

ഉദാഃ

a. ദാവീദ് ഗോല്യാത്തിനെ കൊന്നു

b. ശൗൽ മരിക്കുന്നു

c. ദാവീദ് അഭിഷേകം ചെയ്യപ്പെടുന്നു

d. ശൗൽ ദാവീദിനു നേരെ കുന്തം എറിയുന്നു

e. ദാവീദ് അദുല്ലാം ഗുഹയിൽ

*VI. താഴെക്കൊടുത്തിരിക്കുന്ന ഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.* (5x1=5)

ഉദാ: കർത്താവിന്റെ വരവിനു ശേഷം ഏഴുവർഷം ഈ ഭൂമിയിൽ എതിർക്രിസ്തുവിന്റെ ഭരണം നടക്കും. അതിന് ശേഷം കർത്താവ് ഒലിവു മലയിൽ തന്റെ വിശുദ്ധരോടൊപ്പം പ്രത്യക്ഷനാകും. എതിർക്രിസ്തുവിനെയും സൈന്യത്തെയും തോല്പിച്ച ശേഷം യെഹോശാഫാത്ത് താഴ്വരയിൽ വച്ച് കർത്താവ് ജാതികളെ വിധിക്കും. യഹൂദന്മാർക്കു നന്മ ചെയ്ത ജാതികളെ വലത്തും തിന്മ ചെയ്തവരെ ഇടത്തും നിർത്തും. വലത്തു നിൽക്കുന്നവർക്ക് സഹസ്രാബ്ദത്തിൽ പ്രവേശിക്കുവാൻ അവകാശം നൽകും. യഹൂദന്മാരും ദൈവസഭയും സഹസ്രാബ്ദത്തിൽ ഉണ്ടായിരിക്കും

1) കർത്താവ് പ്രത്യക്ഷനാകുന്ന മല ഏത്?

*VII. അര പേജിൽ കുറയാതെ ഉത്തരമെഴുതുക (7 എണ്ണത്തിൽ 5 എണ്ണം)* (5x3=15)

ഉദാ: യഹോവയുടെ ഉത്സവങ്ങളുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നു.

## 8, 9, 10 ക്ലാസുകളിലെ ചോദ്യപേപ്പറിന്റെ മാതൃക

*I. ഒറ്റവാക്കിൽ/ വാചകത്തിൽ ഉത്തരമെഴുതുക* (5x1=5)

ഉദാ: യെഹസ്കേൽ എന്ന വാക്കിന്റെ അർത്ഥം?

*II. കൊടുത്തിരിക്കുന്ന മാതൃക നോക്കി യോജിച്ച വാക്ക് ചേർത്ത് പൂരിപ്പിക്കുക* (5x1=5)

ഉദാ: ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ - പാസ്റ്റർ കെ.ഇ. ഏബ്രഹാം

ശാരോൻ ഫെലോഷിപ്പ് ചർച്ച് -

*III. . ഒറ്റയായത് കണ്ടെത്തുക. മറ്റുള്ളവയ്ക്കുള്ള പൊതുവായ സവിശേഷത എന്ത്?* (5x2=10)

ഉദാ: കെരുബുകൾ, സാറാഫുകൾ, ജീവികൾ, മൂപ്പന്മാർ

*IV. വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക* (5x1=5)

ഉദാ: പരിശുദ്ധാത്മാവ് കേവലം ഒരു-------- അല്ല മറിച്ച് ദൈവികമായ------------ ആണ്

*V. മനപാഠം എഴുതുക* (5x2=10)

ഉദാ: യോഹ. 1:14

*VI. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (5 എണ്ണത്തിൽ 3 എണ്ണം)* (3x5=15)

ഉദാ: ബ്രദറൻ പ്രസ്ഥാനത്തെപ്പറ്റി വിശദമാക്കുക.

## 11, 12 ക്ലാസ്സുകളിലെ ചോദ്യപേപ്പറിന്റെ മാതൃക

*I. ഒറ്റവാക്കിൽ / വാചകത്തിൽ ഉത്തരമെഴുതുക* (5x1=5)

ഉദാ: പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ?

*II. മനപാഠം എഴുതുക* (6x1=6)

ഉദാ: ഗലാത്യർ 4:1

*III. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക* (5x2=10)

ഉദാ: പൗലോസിന്റെ ദൗത്യനിർവ്വഹണരീതികൾ ഏവ?

*IV. അരപേജിൽ കുറയാതെ ഉത്തരമെഴുതുക (5 എണ്ണത്തിൽ 3 എണ്ണം)* (3x3=9)

ഉദാ: മാനസാന്തരത്തിന്റെ പ്രാധാന്യം എഴുതുക?

*V. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (4 എണ്ണത്തിൽ 2 എണ്ണം)* (2x5=10)

ഉദാ: സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ വിശദീകരിക്കുക

*VI. താഴെക്കൊടുത്തിരിക്കുന്ന വിഷയത്തെ അടിസ്ഥാനമാക്കി സൺഡേസ്കൂൾ വാർഷികത്തിൽ അവതരിപ്പിക്കാവുന്ന ഒരു പ്രസംഗം തയ്യാറാക്കുക.* (1x10=10)

(ആമുഖം, വിഷയാവതരണം, ഉപസംഹാരം ഇവ ഉൾപ്പെടുത്തുക)

ഉദാ: അപ്പൊസ്തലന്മാരുടെ ജീവിതശൈലി

**SHARON FELLOWSHIP CHURCH SUNDAY SCHOOL ASSOCIATION**

**NATIONAL CAMP 2018**

**രജിസ്ട്രേഷൻ ഫോം**

- ഫോം ഒരാൾക്ക് ഒരെണ്ണം (കൂടുതൽ കോപ്പികൾ ആവശ്യമെങ്കിൽ ഫോട്ടോസ്റ്റാറ്റ് എടുക്കാവുന്നതാണ്).
- പങ്കെടുക്കുന്നവർ ഈ ഫോം പൂർണ്ണമായി പൂരിപ്പിച്ച് 100 രൂപ അഡ്വാൻസ് സഹിതം ഏപ്രിൽ 5 ന് മുൻപ് സെക്ഷൻ സൺഡേസ്കൂൾ ഭാരവാഹികളെ ഏല്പിക്കേണ്ടതാണ്. ബാക്കി തുക ക്യാമ്പ് ആരംഭിക്കുന്നദിവസം അടയ്ക്കേണ്ടതാണ്. (ക്യാമ്പ് ഫീസ് 250 രൂപ, ജൂനിയേഴ്സിന് 200 രൂപ)
- സെക്ഷൻ സൺഡേസ്കൂൾ ഭാരവാഹികൾ ഏപ്രിൽ 8 ന് മുൻപ് അതാതു സ്ഥലങ്ങളിലുള്ള സൺഡേ സ്കൂൾ കോ-ഓർഡിനേറ്റേഴ്സിനെ അപേക്ഷാ ഫോമുകൾ ഏല്പ്പിക്കേണ്ടതാണ്.

അപേക്ഷകന്റെ പേര് :........................................ ☐ ആൺ ☐ പെൺ

പൂർണ്ണമായ വിലാസം :........................................ ☐ ടീച്ചർ ☐ വിദ്യാർഥി

........................................................................................

........................................................................................

........................................................................................

ഫോൺ നമ്പർ : ........................................

വയസ് / ജനനതീയതി : ........................................

ഇ-മെയിൽ (ഉണ്ടെങ്കിൽ) : ........................................

പ്രാദേശിക സഭ ഉൾപ്പെട്ടു നിൽക്കുന്ന സ്ഥലം : ........................................

സഭാ ശുശ്രൂഷകന്റെ പേര് : ........................................

സൺഡേ സ്കൂളിൽ പഠിക്കുന്ന / പഠിപ്പിക്കുന്ന ക്ലാസ്സ് : ........................................

ക്യാമ്പിലെ നിബന്ധനകളും ലീഡേഴ്സിന്റെ യഥാസമയങ്ങളിലുള്ള നിർദ്ദേശങ്ങളും പാലിച്ചുകൊള്ളാമെന്ന് ഞാൻ സമ്മതിക്കുന്നു.

തീയതി............................ അപേക്ഷ സമർപ്പിക്കുന്നയാളിന്റെ ഒപ്പ്

**FOR OFFICE USE ONLY**

Reg. No : Camp Fee Advance:

Group No : Balance :

Bed No :

രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിലും ലഭ്യമാണ്. www.sharonsundayschool.org/download.html എന്ന ലിങ്ക് ഇതിനായി ഉപയോഗിക്കാം.

www.sharonsundayschool.org

# ATHMAPRABODHINI

SHARON FELLOWSHIP SUNDAY SCHOOL ASSOCIATION

P.O. Box 94
Thiruvalla-689101
Kerala-India
Ph: 9447861098,9847665044
Email :sfssatiruvalla@gmail.com

# വരങ്ങൾ വരുമാനമാർഗമാക്കരുതേ



**പാസ്റ്റർ ബ്ലസൻ ജോർജ്**

**ചി**ല നാളുകൾക്ക് മുമ്പ് ഒരു സെക്കുലർ മാധ്യമത്തിൽ പെന്തക്കോസ്ത് പാസ്റ്റർമാരെ വിമർശിച്ച് ഇപ്രകാരം എഴുതിയത് വായിക്കുവാനിടയായി, "വരം ലഭിച്ചവരെല്ലാം വരുമാനത്തിനായി വിദേശത്തേക്ക് പറക്കുന്നു". പുതിയനിയമത്തിൽ ദൈവസഭയ്ക്ക് ദൈവം ദാനമായി നൽകിയിരിക്കുന്ന വ്യത്യസ്തമായ ശുശ്രൂഷകളെക്കുറിച്ചും ആത്മീകവരങ്ങളെക്കുറിച്ചും (കൃപാവരങ്ങൾ) കാണുന്നു. അവ പൊതു പ്രയോജനത്തിനായും ആത്മീക വർദ്ധനക്കായിട്ടുമാണെന്ന് നമുക്കറിയാം. എന്നാൽ ഇന്ന് ഇവയെല്ലാം പരക്കെ ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നതായി കാണുന്നു. സംഗീതക്കാർ, പ്രസംഗകർ, പ്രവാചകർ, രോഗശാന്തിക്കാർ തുടങ്ങിയുള്ള കൃപാവര പ്രാപ്തരാണല്ലോ ഇന്ന് കൂടുതലായുള്ളത്. ഇവരിൽ ഭൂരിപക്ഷവും മുകളിൽ പരാമർശിച്ചിരിക്കുന്നതുപോലെ വരങ്ങളെ വരുമാനമാർഗമായി കാണുന്നവരുമാണ്. ദൈവിക ശുശ്രൂഷയോടുള്ള ബന്ധത്തിൽ വ്യത്യസ്തങ്ങളായ മനോഭാവങ്ങളെപ്പറ്റി നമുക്ക് നോക്കാം.

**ഞങ്ങൾ സകലവും വിട്ടു... ഞങ്ങൾക്ക് എന്ത് കിട്ടും?**

ഒന്നാമത്തെ കൂട്ടരുടെ മനോഭാവം ഞങ്ങൾക്ക് എന്ത് കിട്ടും? എന്നതാണ്. മത്താ.19:27 ൽ അപ്പൊസ്തലന്മാരിൽ അഗ്രഗണ്യനായ പത്രൊസ് യേശുവിനോട് ചോദിക്കുന്നതായ ഒരു ചോദ്യമാണിത്. ലൂക്കൊ.5:11 ൽ യേശുവിന്റെ വിളി കേട്ട് സകലവും വിട്ട് അവനെ അനുഗമിച്ച പത്രൊസാണ് ഈ ചോദ്യം ചോദിക്കുന്നത്. ഇന്നത്തെ ഭൂരിപക്ഷം ശുശ്രൂഷകന്മാരുടെ പ്രതിനിധിയാണ് ഇവിടെ പത്രൊസ്. യേശുവിനെ അനുഗമിക്കുന്നത് കൊണ്ട് എന്തെങ്കിലുമൊക്കെ ഭൗതികമായ നേട്ടങ്ങൾ കിട്ടും എന്നതാണ് ഇത്തരക്കാരുടെ ചിന്തയും ലക്ഷ്യവും. പ്രൊഫ. മാത്യു. പി. തോമസ് സാറിന്റെ വാക്കുകളിൽ പറഞ്ഞാൽ "ക്രിസ്തുവിനായി നേടുക എന്നതിനെക്കാൾ ക്രിസ്തുവിനെ കൊണ്ട് നേടുക" എന്നതാണ് ഇവരുടെ താൽപര്യം.

പത്രൊസിന്റെ ജീവിതത്തിൽ പിന്നത്തേതിൽ തന്നെ മാറ്റി മറിച്ച ഒരു സംഭവമാണ്. അ.പ്ര. 2-ാം അധ്യായത്തിലെ പരിശുദ്ധാത്മ പകർച്ചയും പിന്നീടുള്ള പ്രസംഗവും ശുശ്രൂഷയും. 3-ാം അധ്യായത്തിൽ വല്ലതും കിട്ടും എന്ന് വിചാരിച്ച് പത്രൊസിനെയും യോഹന്നാനെയും സൂക്ഷിച്ച് നോക്കുന്ന മുടന്തനായ ഒരാളെ കാണുന്നു. അവിടെ പത്രൊസ് പറയുന്നത് ഇപ്രകാരമാണ്. വെള്ളിയും പൊന്നും എനിക്കില്ല. നാം വല്ലതും കിട്ടും എന്ന് വിചാരിച്ച് യേശുവിന്റെ പുറകെ പോകേണ്ട. യേശുവിന്റെ നാമത്തിൽ നമ്മിലൂടെ ലോകത്തിന് കിട്ടേണ്ടത് കിട്ടട്ടെ. അതിനായി നമ്മെ സമർപ്പിക്കാം.

**നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചു തരാം?**

രണ്ടാമത്തെ കൂട്ടർ നിങ്ങൾ എന്ത് തരും? എന്ന് ചോദിക്കുന്നവരാണ്. മത്താ. 26:14, 15 ൽ യേശുവിനെ ഒറ്റിക്കൊടുത്ത ശിഷ്യനായ യൂദാ ഈസ്ക്കര്യോത്താവ് മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്ന് ചോദിക്കുന്ന ഒരു ചോദ്യമാണിത്. ഇവിടെ നെഗറ്റീവ് ആയിട്ടാണ് ഈ വേദഭാഗം വായിക്കുന്നതെങ്കിലും അതിന് ഒരു മറുവശം കൂടി (പോസിറ്റീവ്) ഉണ്ട്. സുവിശേഷ പ്രസംഗം/സുവിശേഷ വേല എന്നുള്ളത് യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുക (ഒറ്റിക്കൊടുക്കലല്ല) എന്നുള്ള ദൗത്യമാണല്ലോ. ഇത് നാം ചെയ്യേണ്ടത് ഒരിക്കലും പ്രതിഫലം കാംക്ഷിച്ചോ കൂലി കൊതിച്ചോ ആയിരിക്കരുത്. സുവിശേഷത്തെ വിപണിയിൽ വില്പനചരക്കാക്കിമാറ്റി ശുശ്രൂഷയുടെ പേരിൽ വിലപേശൽ നടത്തുന്നവരുടെ പ്രതിനിധിയാണ് ഇവിടെ യൂദാ (ആത്മീയ വ്യാപാരികൾ). ചിലരെ ശുശ്രൂഷക്കായി വിളിക്കുമ്പോൾ (കൺവൻഷൻ/ ഉപവാസ പ്രാർത്ഥന) എന്ത് മീറ്റിംഗാണ്, എത്ര പേർകൂടും, എത്ര രൂപ കിട്ടും എന്നൊക്കെ അന്വേഷിക്കാറുണ്ട്. കൂലി കൊതിച്ച് പ്രവചിക്കാൻ പോയ ബിലെയാമിനെപ്പോലെ നാം നമ്മെ വഞ്ചിക്കരുതേ.

**ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ. (ലൂക്കൊ. 17:7-10)**

ആദ്യത്തെ രണ്ട് മനോഭാവങ്ങളിൽ നിന്നും വ്യത്യസ്തമാണ് മൂന്നാമത്തെ കൂട്ടരുടെ മനോഭാവം. ഈ ഭാഗത്ത് കർത്താവ് അപ്പൊസ്തലന്മാരെ പഠിപ്പിച്ചതായ വിലപ്പെട്ട ഒരു കാര്യം കാണാം. വയലിൽ പണിയെടുത്ത് ക്ഷീണിച്ച് വരുന്ന ഒരു ദാസനോട് വരൂ വേഗം ഭക്ഷണം കഴിക്കൂ എന്ന് പറയുന്നതിന് പകരം വീണ്ടും അവനെ കൊണ്ട് വേല ചെയ്യിപ്പിക്കുന്ന ഒരു യജമാനൻ. ഏല്പിച്ച ജോലികളെല്ലാം വിശ്വസ്തതയോടെ ചെയ്ത് തീർത്തപ്പോൾ ഒരു നന്ദി വാക്ക് പോലും തനിക്ക് കിട്ടുന്നില്ല. എങ്കിലും ആ ദാസൻ യജമാനന്റെ ഇഷ്ടം അറിഞ്ഞ് പ്രവർത്തിക്കുകയും അവനെ പ്രസാദിപ്പിക്കുവാനായി പ്രയത്നിക്കുകയും ചെയ്യുന്നു. അവ്വണ്ണം (രാപകൽ അധ്വാനിക്കേണ്ടിവന്നാലും, ഒരു നന്ദി വാക്ക് പോലും കേട്ടില്ലെങ്കിലും) നിങ്ങളോട് കല്പിച്ചതൊക്കെയും ചെയ്ത ശേഷം ഞങ്ങൾ പ്രയോജനം ഇല്ലാത്ത ദാസന്മാർ ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്ന് നിങ്ങളും പറവിൻ. ഈ ഒരു മനോഭാവമാണ് നമുക്ക് ഉണ്ടാകേണ്ടത്. ഇന്ന് നമ്മുടെയിടയിൽ ഇത്തരക്കാർ ചുരുക്കമാണ് എന്നതാണ് സത്യം.

**നിങ്ങളും മുന്തിരിത്തോട്ടത്തിൽ പോകുവിൻ; ന്യായമായത് തരാം (മത്താ. 20:1-16)**

സ്വർഗരാജ്യത്തെക്കുറിച്ച് യേശു പറഞ്ഞതായ ഒരു ഉപമയാണ് ഈ ഭാഗത്ത് കാണുന്നത്. തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കുന്ന ഒരു ഉടമസ്ഥൻ. പുലർച്ചയ്ക്ക് വന്ന വേലക്കാരോട് ദിവസത്തേക്ക് ഓരോ വെള്ളിക്കാശ് പറഞ്ഞൊത്ത് അയച്ചു. മൂന്നാം മണി നേരത്ത് മറ്റ് ചിലരെ ചന്തയിൽ മിനക്കെട്ടു നില്ക്കുന്നതു കണ്ടു. നിങ്ങളും പോകുവിൻ ന്യായമായത് തരാം എന്ന് അവരോട് പറഞ്ഞു. ആറാം മണി




**പുതിയനിയമത്തിൽ ദൈവസഭയ്ക്ക് ദൈവം ദാനമായി നൽകിയിരിക്കുന്ന വ്യത്യസ്തമായ ശുശ്രൂഷകളെക്കുറിച്ചും ആത്മീകവരങ്ങളെക്കുറിച്ചും (കൃപാവരങ്ങൾ) കാണുന്നു. അവ പൊതു പ്രയോജനത്തിനായും ആത്മീക വർദ്ധനക്കായിട്ടുമാണെന്ന് നമുക്കറിയാം.**

നേരത്തും ഒമ്പതാം മണിനേരത്തും അങ്ങനെ തന്നെ ചെയ്തു. പതിനൊന്നാം മണി നേരത്തും മറ്റ് ചിലരെ കൂടി കണ്ടിട്ട് നിങ്ങൾ ഇവിടെ പകൽ മുഴുവൻ മിനക്കെട്ടു നില്ക്കുന്നതു എന്തു എന്നു ചോദിച്ചു. ഞങ്ങളെ ആരും കൂലിക്കു വിളിക്കാത്തതുകൊണ്ടത്രേ എന്നു പറഞ്ഞപ്പോൾ നിങ്ങളും ചെല്ലുവിൻ എന്നു പറഞ്ഞു. സന്ധ്യയായപ്പോൾ പിമ്പന്മാർ തുടങ്ങി മുമ്പന്മാർ വരെ അവർക്ക് കൂലി കൊടുത്തു. പതിനൊന്നാം മണി നേരത്ത് വന്നവർക്ക് ഓരോ വെള്ളിക്കാശ് കൊടുത്തു. അപ്പോൾ മുമ്പന്മാർ തങ്ങൾക്ക് അധികം കിട്ടും എന്ന് നിരൂപിച്ചു. അവർക്കും ഓരോ വെള്ളിക്കാശ് കിട്ടി. ഉടനെ അവർ പിറുപിറുത്തു. മുമ്പന്മാരായ ഞങ്ങളെ ഈ പിമ്പന്മാർക്ക് സമമാക്കിയല്ലോ എന്ന് പറഞ്ഞു. തങ്ങളുടെ കഷ്ടപ്പാടും അധ്വാനവുമെല്ലാം അവർ പങ്കു വെച്ചു. ആ ഉടമസ്ഥൻ ഇങ്ങനെ മറുപടി പറഞ്ഞു ഞാൻ നിന്നോട് അന്യായം ചെയ്യുന്നില്ല. നിന്റേതു വാങ്ങി പൊയ്ക്കൊൾക; നിനക്ക് തന്നതുപോലെ ഈ പിമ്പനും കൊടുപ്പാൻ എനിക്ക് മനസ്സുണ്ട്. ഞാൻ നല്ലവൻ ആകുന്നു.

പ്രിയരെ, നമ്മുടെ യജമാനനായ കർത്താവ് തന്റെ മുന്തിരിത്തോട്ടത്തിലെ വേലക്കാരായ നമുക്ക് മുമ്പന്മാരാണോ പിമ്പന്മാരാണോ എന്ന് നോക്കാതെ ന്യായമായത് തരും. ഞങ്ങൾക്ക് എന്ത് കിട്ടും/എന്ത് തരും എന്നൊന്നും ചോദിക്കാതെ മിനക്കെട്ട് നടന്നിരുന്നവരായ നമ്മെ ന്യായമായത് തരാം എന്ന് പറഞ്ഞ് തന്റെ വേലക്കായി തിരഞ്ഞെടുത്ത യജമാനന്റെ ഇഷ്ടം ചെയ്ത് അവനെ പ്രസാദിപ്പിക്കുന്ന നല്ല ദാസന്മാരായി ഞങ്ങൾ ചെയ്യേണ്ടതേ ചെയ്തിട്ടുള്ളൂ എന്ന് പറയുവാൻ നമുക്ക് കഴിയട്ടെ.




Published by Abraham Thomas for Sharon Fellowship Church Sunday School Association, Sharon Thiruvalla - 689101, Printed at Logos Press, Vazhoor, Global Tiruvalla 0469 2634355